

# വിജയം ഉറപ്പിക്കാം; മികച്ച ഐ.ടി കൺസൾട്ടിങ്ങിലൂടെ

**2016ൽ കൊച്ചിയിൽ തുടങ്ങിയ കമ്പനി ഇന്ന് നാലാം വർഷത്തിലെ വിജയവഴിയിലാണ്. 25ഓളം സ്റ്റാഫുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയി ഉയർന്നു വരാൻ സ്കൈബെർടെക്കിന് സാധിച്ചു. വിദേശരാജ്യങ്ങളിലേക്ക് പോലും ഇവരുടെ സേവനം വ്യാപിച്ചിരിക്കുന്നു.**

**മാളവിക**

ഉൾക്കാഴ്ചയോടെയും ലക്ഷ്യബോധത്തോടെയുമുള്ള പ്രവർത്തനങ്ങളും ഒപ്പം വിവരസാങ്കേതികവിദ്യയുടെ ഉപയോഗവും ബിസിനസിന്റെ വിജയത്തിന്റെ പ്രധാന ഘടകങ്ങളാണ്. ഇന്ന് മിക്ക മേഖലകളിലും ഐടിയുടെ സൗകര്യങ്ങളുണ്ട്, എന്നാൽ പലതും വിജയത്തിലേക്കു എത്തുന്നില്ല. എങ്ങനെയാണ് ഐ.ടി ഉപയോഗപ്പെടുത്തേണ്ടത് എന്ന് പലർക്കും അറിയാൻ കഴിയാത്തതാണ് ഇതിനുള്ള കാരണം. ഈയൊരു സാഹചര്യത്തിലാണ് ഒരു സംരംഭത്തിന് കൃത്യമായ മാർഗനിർദേശം നൽകുന്ന ഐ.ടി കൺസൾട്ടൻസി സേവനം ആവശ്യമായി വരിക. അതുണ്ടാക്കിയ വിടവും തിരിച്ചറിവുമാണ് സ്കൈബെർടെക് ഐടി കൺസൾട്ടൻസി തുടങ്ങുന്നതിൽ പാലക്കാട് സ്വദേശിയായ സുരേഷിന് പ്രചോദനമായത്.

2016ൽ കൊച്ചിയിൽ തുടങ്ങിയ കമ്പനി ഇന്ന് നാലാം വർഷത്തിലെ വിജയവഴിയിലാണ്. 25ഓളം സ്റ്റാഫുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി ഉയർന്നു വരാൻ സ്കൈബെർടെക്കിന് സാധിച്ചു. വിദേശരാജ്യങ്ങളിലേക്ക് പോലും ഇവരുടെ സേവനം വ്യാപിച്ചിരിക്കുന്നു. സോഫ്റ്റ്‌വെയർ വർക്ക് ഏറ്റെടുത്തിരിക്കുന്ന കമ്പനിയോ ഇൻ ഹൗസ് ഉള്ള ഒരു ടീമോ ആയാലും അവർ പാലിക്കേണ്ട കാര്യങ്ങൾ സോഫ്റ്റ്‌വെയർ ഇംപ്ലിമെന്റേഷന്റെ വിജയത്തിന് വളരെ സഹായകരമാണ്.

സമയബന്ധിതമായും ദിവസാടിസ്ഥാനത്തിലുള്ള തുടർനടപടി ക്രമങ്ങൾ ഏതൊരു പ്രൊജക്ടിന്റെയും വിജയം ഉറപ്പാക്കുന്നു. അനുഭവസമ്പത്തും പ്രവർത്തനപരിചയമുള്ള പ്രൊജക്റ്റ് മാനേജേഴ്സ് പ്രൊജക്ട് പ്ലാനും, ടൈം ഷീറ്റും തയ്യാറാക്കുന്നതിലും പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിലുമായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതത് മേഖലയിൽ വൈദഗ്ധ്യമുള്ളവർ ആയിരിക്കും അവർ. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടേഷനു പുറമേ സ്കൈബർടെക്ക് നൽകുന്ന അഡീഷണൽ സേവനമാണിത്.

മികച്ച സേവനവും പ്രവർത്തനപരിചയവും സ്കൈബർടെക്കിനെ ചുരുങ്ങിയ കാലത്തിനുള്ളിൽ മികച്ച ഐ. ടി കൺസൾട്ടൻസിയാക്കി മാറ്റി. 'മൗത്ത് പബ്ലിസിറ്റി'യിലൂടെയാണ് കമ്പനി വളർന്നത്. കമ്പനിയുടെ ക്ലൈന്റ്സ് തന്നെയാണ് കമ്പനിയെ റഫർ ചെയ്തു പുതിയ ആൾക്കാരിലേയ്ക്ക് എത്തിക്കുന്നത്. കൊച്ചിയിലെ ഓഫീസ് കൂടാതെ തൃശ്ശൂരിലും



www.readwhere.com

സ്കൈബർടെക്ക് ഓഫീസ് പ്രവർത്തിക്കുന്നു. വിദേശ രാജ്യങ്ങളായ ദുബായ്, കെനിയ എന്നിവിടങ്ങളിലേക്കും കമ്പനി ഐ.ടി ഉപദേശം നൽകുന്നുണ്ട്.

കമ്പനികളിൽ ഒരു ഫുൾടൈം ചീഫ് ഇൻഫർമേഷൻ ഓഫീസറെ നിയമിക്കുന്നതിനു പകരം പാർടൈം സി.ഐ.ഒയെ നിയമിക്കുന്നതിലൂടെ ഐ.ടി മേഖലയിൽ വെർച്വൽ ചീഫ് ഇൻഫർമേഷൻ ഓഫീസർ എന്ന ആശയം അവതരിപ്പിക്കുകയാണ് സുരേഷ്. ചിലവുകൾ നിയന്ത്രിക്കുന്നതിന് ബിസിനസ് സ്ഥാപനം ചെലവാക്കുന്ന പണത്തെകുറിച്ച് മനസ്സിലാക്കാൻ ഐ റ്റി ബഡ്ജറ്റും സ്കൈബെർടെക് മനസിലാക്കി കൊടുക്കുന്നു. ഏതെല്ലാം രീതിയിൽ ഡാറ്റാ നഷ്ടപ്പെടുന്നുണ്ടെന്നും ഐ.ടി സിസ്റ്റം എത്രത്തോളം സുരക്ഷിതമാണെന്നും ഒരു സംരംഭകൻ കൈവശം വയ്ക്കേണ്ട കാര്യങ്ങളിലെല്ലാം സ്കൈബെർടെക് വേണ്ട ഉപദേശങ്ങൾ നൽകുന്നു.

ബിസിനസ് സ്ഥാപനത്തിന് അതിന്റെ കുറവുകളെ കുറിച്ച് മനസ്സിലാക്കാൻ വർഷത്തിലൊരിക്കലെങ്കിലും ഐ.ടി ഓഡിറ്റ് ഇവർ നടത്തി കൊടുക്കാറുണ്ട്. സ്ഥാപനത്തിൽ പാലിക്കേണ്ട ഐ.ടി നിയമത്തെക്കുറിച്ച് ജീവനക്കാർക്ക് ഒരു ധാരണ ഉണ്ടാക്കാൻ അത്യാവശ്യമായ ഒരു ഐ.ടി പോളിസി എന്ന ആശയം മുന്നോട്ട് വെക്കാൻ സുരേഷിന് സാധിച്ചു. ഇത് നിരവധിപേരുടെ കൂട്ടായ്മയായി മാറിക്കഴിഞ്ഞു. ഐ.ടിയുടെ വിവിധ മേഖലകളിൽ മികവ് തെളിയിച്ച അനുഭവസമ്പത്തുള്ളവർ ചേർന്നാണ് ഇത് പ്രവർത്തിക്കുന്നത്. പല മേഖലയിലുള്ള ബിസിനസ് സ്ഥാപനങ്ങൾക്ക് അവരുടെ ബിസിനസിന് യോജിച്ച രീതിയിൽ ഐ.ടി വിഭാഗം മെച്ചപ്പെടുത്തുന്നതിന് ഇതിനോടകം സ്കൈബെർടെക്കിനു സാധിച്ചിട്ടുണ്ട്.

കമ്പനിയുടെ ഭാഗത്തുനിന്ന് സംഭവിക്കുന്ന പാളിച്ചകൾ അതത് ദിവസം തന്നെ മാനേജ്മെന്റിനെ അറിയിക്കുന്നു. അതത് സമയത്ത് കാര്യങ്ങൾ നടപ്പിലാക്കുക എന്നതാണ് സ്കൈബെർടെക്കിന്റെ ഉത്തരവാദിത്വം. ചെമ്മണ്ണൂർ, മരിക്കാർ, മുത്തൂറ്റ്, ഹൈകോൺ തുടങ്ങിയ സ്ഥാപനങ്ങളുടെയെല്ലാം ഐ.ടി ഹെഡ് ആയി പ്രവർത്തിച്ചിട്ടുള്ള സുരേഷിന് ഇരുപത്തിരണ്ട് വർഷത്തിലധികം പ്രവർത്തന പരിചയമുണ്ട്.

സ്വകാര്യ ജീവിതത്തിലും പ്രൊഫഷണൽ ജീവിതത്തിലും തുടർന്നുപോന്ന ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനമാണ് ഒരു മികച്ച സംരംഭകനായി അദ്ദേഹത്തെ വളർത്തിയത്. ഒരു കൺസൾട്ടൻസി സർവീസ് ആരംഭിക്കുകയാണെങ്കിൽ നിരവധി പേർക്ക് ഉപകാരപ്പെടും എന്ന ചിന്ത ഒരു സംരംഭമായി തുടങ്ങാനുള്ള പ്രേരണ നല്കി. കൂടാതെ സുഹൃത്തും വഴികാട്ടിയുമായ പഴേരി ഗ്രൂപ്പിന്റെ ഉടമ അബ്ദുൾ കരീമിന്റെ നിരന്തരമായ പിന്തുണയും ലഭിച്ചിരുന്നു. തുടർന്നുള്ള യാത്രയിൽ വി കെ സി, മൈജി, മാക്സ് വാല്യൂ, ജോസ് ആലുക്കാസ് തുടങ്ങിയ എഴുപതോളം പ്രമുഖ ബ്രാൻഡുകളുടെ കൺസൾട്ടേഷൻ സ്ഥാപനമായി സ്കൈബെർടെക് മാറി.

ഐ.ടി മേഖലയിൽ നൽകിയ സംഭാവനകളെ കണക്കിലെടുത്തുകൊണ്ട് ദേശീയ നിലവാരത്തിലുള്ള ഏഴോളം പ്രശസ്തമായ അവാർഡുകൾക്ക് അർഹനാകാനും ഇതിനോടകം സുരേഷിന് സാധിച്ചിട്ടുണ്ട്. ഒരു സംരംഭത്തെ കുറിച്ച് പഠിച്ചു ചെയ്യാനുള്ളതെല്ലാം മനസ്സിലാക്കി അവ മറികടക്കാൻ വേണ്ട ഉപദേശങ്ങൾ, നെറ്റ്‌വർക്ക് പ്രശ്നങ്ങൾ പരിഹരിക്കൽ, നല്ല പ്രൊഡക്ട് മനസിലാക്കി കൊടുക്കുക, ആവശ്യമായ മാർഗനിർദേശങ്ങൾ നല്കുക, പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുക തുടങ്ങി പ്രശ്നപരിഹാരം കാണുന്നതുവരെ ഓരോ കമ്പനികൾക്കൊപ്പം നിന്ന് ഇവർ പ്രവർത്തിക്കുന്നു.

കാര്യക്ഷമമായ പ്രവർത്തനത്തിനായി, മൂന്നു മേഖലകളായി വർക്കിനെ തരംതിരിച്ചിരിക്കുന്നു. കമ്പനിയുടെ വർക്കുകൾ പ്രൊജക്ടായാണ് തിരിച്ചിരിക്കുന്നത്. പ്രോജക്ടിൽ കൃത്യത ഉറപ്പുവരുത്താൻ പ്രൊജക്ട് ലീഡേഴ്സ് ഉണ്ടായിരിക്കും. കൺസൾട്ടേഷനു പുറമേ സ്കൈബെർടെക് നൽകുന്ന അധിക സേവനമാണ് പ്രൊജക്ട് മാനേജ്മെന്റ്. കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ, പുതിയ ഉയരങ്ങൾ തേടുകയാണ് സുരേഷും സംഘവും.... ●

**സ്കൈബെർടെകിനെ കുറിച്ച്
കൂടുതൽ അറിയാൻ:
www.skybertech.com
ഫോൺ: 7592888111**

# WANTED

സക്സസ് കേരള മാഗസിന് കേരളത്തിലുടനീളം സമർത്ഥരായ റിപ്പോർട്ടേഴ്സ്, മാർക്കറ്റിംഗ് ഓഫീസേഴ്സ്, ജേണലിസ്റ്റ് ട്രെയിനീസ്, ക്യാംപസ് റിപ്പോട്ടേഴ്സ് എന്നിവരെ ആവശ്യമുണ്ട്.

MALE/ FEMALE,
FULL TIME/ PART TIME
e-mail: successkerala2015@gmail.com

9846766691, 9061525391

Vol 06 Issue 08 Edited, Printed, Published & Owned by Deepak. S and Printed at New Multi Offset, Thiruvananthapuram on behalf of Technopoint Published at Puliyoorkonam P.O., Thiruvananthapuarm-695604



www.readwhere.com